**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-2026)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2025 ഒക്ടോബർ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പുമായി 12-12-2023-ാം തീയതിയിൽ ചേർന്ന തെളിവെടുപ്പ് യോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2023-2026)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2025 ഒക്ടോബർ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പുമായി 12-12-2023-ാം തീയതിയിൽ ചേർന്ന തെളിവെടുപ്പ് യോഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്)

1304/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 11 |
| അനുബന്ധം II | .. | 16 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2023-2026)

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.

ശ്രീ. എം. എസ്. അരുൺകുമാർ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26)-യുടെ അദ്ധ്യക്ഷനായ

ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2025 ഒക്ടോബർ മാസം 8-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

പി. സി. വിഷ്ണുനാഥ്,
*ചെയർപേഴ്സൺ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2025 ഒക്ടോബർ 9.

## ആമുഖം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ഓരോ വകുപ്പും പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ, സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ നിശ്ചിത കാലയളവിനുള്ളിൽ

നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുക എന്നത് വകുപ്പുകളുടെ ചുമതലയാണ്. എങ്കിൽ മാത്രമേ നിയമസഭാംഗങ്ങൾക്ക് അവ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാൻ കഴിയുകയുള്ളൂ. നിയമസഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടുന്ന രേഖകൾ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസവും വീഴ്ചയും പരിശോധിക്കുന്നതിനും സമർപ്പിക്കുന്ന രേഖകൾ അവയുടെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കാനാണ് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായിരിക്കുന്നത്.

സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും യഥാസമയം സഭയുടെ മേശപ്പുറത്ത് സമർപ്പിക്കപ്പെട്ടാൽ അവയുടെ പ്രകടന പുരോഗതി സംബന്ധിച്ച് നിയമസഭാംഗങ്ങൾക്ക് മനസ്സിലാക്കാനും അതുവഴി ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ രേഖകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിൽ വിവിധ വകുപ്പുകൾ നിതാന്ത ജാഗ്രത പുലർത്തുന്നില്ല എന്നത് ആശങ്കാജനകമാണ്.

ഇലക്ട്രോണിക്സ് & ഐ.റ്റി. വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശികയായിട്ടുള്ള റിപ്പോർട്ടുകൾ, കുടിശികയായ എസ്.ആർ.ഒ./ വിജ്ഞാപനങ്ങൾ, കാലതാമസപത്രികകൾ, സമിതി ആവശ്യപ്പെട്ട അധികവിവരം എന്നിവ സംബന്ധിച്ച തെളിവെടുപ്പാണ് 12-12-2023-ാം തീയതിയിൽ നടന്നത്. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

1. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും വിവരസാങ്കേതികവിദ്യ (Information Technology-IT) വലിയ സ്വാധീനം ചെലുത്തിവരുന്നു. നിർമ്മിതബുദ്ധി (Artificial Intelligence)യുടെ വരവോടെ അസാധ്യമെന്നു കരുതിയ പലകാര്യങ്ങളും ഇന്ന് സാധ്യമായിക്കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തെ 'ഡിജിറ്റൽ യുഗം' എന്നാണ് വിശേഷിപ്പിക്കുന്നത്. ആധുനിക വ്യവസായ വികസനത്തിനും സംസ്ഥാനത്തിന്റെ വിവിധ വികസന ക്ഷേമപ്രവർത്തനങ്ങൾക്കും വിവരസാങ്കേതികവിദ്യ അനുപേക്ഷണീയമായ ഘടകമായി മാറിയിരിക്കുകയാണ്. ഇന്ത്യയിലെ തന്നെ ആദ്യത്തെ ടെക്നോപാർക്ക് 1990-ൽ തിരുവനന്തപുരത്ത് ആരംഭിച്ചതോടുകൂടി കേരളത്തിൽ വിവരസാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം ആരംഭിച്ചു. വിവരസാങ്കേതികവിദ്യയുടെ സാധ്യതയും നിർണായക പ്രാധാന്യവും മനസ്സിലാക്കി, പ്രസ്തുത മേഖലയ്ക്ക് മികച്ചതും ലോകോത്തരവുമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തിലെ ഡിജിറ്റൽ സാങ്കേതിക ശേഷിയും വിഭവങ്ങളും വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിവരുന്നു. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി പ്രോജക്റ്റുകൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ, ഇ-സാക്ഷരതാ പരിപാടികൾ, അടിസ്ഥാന ഐടി ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കിയത് വഴി കേരളത്തിലെ സംസ്ഥാനത്തെ ഐ.ടി. മേഖലയ്ക്ക് മുൻനിരയിൽ എത്തുവാൻ സാധിച്ചു. ഇന്ത്യയിലെ പ്രധാനപ്പെട്ട ഐടി ലക്ഷ്യസ്ഥാനങ്ങളിലൊന്നായ കേരളം, ഇന്ത്യയിലെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലെ അമരക്കാരനായി അതിവേഗം വളർന്നുവരികയാണ്.

2. സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും രൂപീകരിച്ചിരിക്കുന്ന പ്രധാന സ്ഥാപനങ്ങൾ ഇവയാണ്.

1. കേരള സ്റ്റേറ്റ് ഐ.റ്റി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL)
2. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS)
3. ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക് - കേരള (ടെക്നോപാർക്ക്)
4. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്‌മെന്റ് (IIITM-K)
5. സൈബർ പാർക്ക്, കോഴിക്കോട്
6. ഇൻഫോപാർക്ക്, കൊച്ചി
7. കേരള സ്റ്റാർട്ടപ് മിഷൻ

8. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ & ടെക്നോളജി

9. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (KSITM)

3. ഇന്ത്യൻ കമ്പനീസ് ആക്റ്റ് 1956 പ്രകാരം രൂപീകരിച്ചിട്ടുള്ളവയോ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്നവയോ പ്രത്യേക ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്നവയോ ആയ സ്ഥാപനങ്ങൾ നിയമപ്രകാരം അവരുടെ കണക്കുകൾ അതതുവർഷം പൂർത്തിയാക്കി ഓഡിറ്റ് ചെയ്ത് വാർഷിക പൊതുയോഗം അംഗീകരിച്ച് യഥാസമയം നിയമസഭയുടെ മേശപ്പുറത്തു വയ്ക്കാൻ ബാധ്യസ്ഥരാണ്. 2013-ലെ കമ്പനീസ് ആക്റ്റിലെ സെക്ഷൻ 395 ൽ പരാമർശിക്കുന്നതനുസരിച്ച് കമ്പനീസ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വാർഷിക റിപ്പോർട്ടും അതോടൊപ്പം ഓഡിറ്റ് റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

4. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി (3), ചട്ടം 16 ബി (5) എന്നിവ പ്രകാരം എല്ലാ കമ്പനികൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ബോർഡ്/ കോർപ്പറേഷൻ മുതലായവയുടെ വാർഷിക റിപ്പോർട്ട്/ ഓഡിറ്റ് റിപ്പോർട്ട്/ സാമ്പത്തികവർഷം പൂർത്തിയായശേഷം ഒൻപത് മാസത്തിനകം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതുണ്ട്. മാത്രമല്ല, സംസ്ഥാന സർക്കാരിൽനിന്നും അൻപത് ലക്ഷം രൂപയോ അതിൽകൂടുതലോ ഒറ്റത്തവണ ഗ്രാന്റായോ ഇരുപത്തിയഞ്ച് ലക്ഷം രൂപയോ അതിൽ കൂടുതലോ ആവർത്തക ഗ്രാന്റായോ കൈപ്പറ്റുന്ന സർക്കാരിതര സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സാമ്പത്തികവർഷം അവസാനിച്ച് ആറ് മാസത്തിനുള്ളിൽ സഭ മുമ്പാകെ മേശപ്പുറത്തുവയ്ക്കേണ്ടതാണ്. സർക്കാരിൽനിന്നും ധനസഹായം കൈപ്പറ്റുന്ന ഏതൊരു കമ്പനി, സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവ അവരുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും നിയമസഭാചട്ടം പ്രകാരം നിർബന്ധമായും സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണ്.

5. റിപ്പോർട്ട് സമർപ്പണത്തിലെ കുടിശിക തീർപ്പാക്കുന്നതിനും പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനുമായി പതിനഞ്ചാം കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26) ഇലക്ട്രോണിക്സ് & വിവരസാങ്കേതികവകുപ്പിനു കീഴിലുള്ള സ്ഥാപനമേധാവികളുമായും വകുപ്പ് സെക്രട്ടറിയുമായും 12-12-2023-ാം തീയതി തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും വകുപ്പിന് നൽകിയ ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

1. <u>കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്</u>

6. കേരളത്തിലെ ഐ.ടി./ഐ.ടി.ഇ.എസ്. പ്രത്യേക സാമ്പത്തികമേഖലകൾ (SEZ), ഐ.ടി. ടൗൺഷിപ്പുകൾ, ഐ.ടി. പാർക്കുകൾ എന്നിവയുടെ വികസനത്തിനായി കേരള സർക്കാരിന്റെ ഐ.ടി. നയത്തിന് കീഴിൽ കമ്പനീസ് ആക്ട് 1956 പ്രകാരം രൂപീകരിച്ച അപ്പെക്സ് പബ്ലിക് ലിമിറ്റഡ് കമ്പനിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL).

7. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ 2015-16 വർഷത്തെ വാർഷിക റിപ്പോർട്ട് 26-4-2017-ൽ സഭയിൽ സമർപ്പിച്ചതിനുശേഷം തുടർന്നുള്ള റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ ലഭ്യമാക്കിയിരുന്നില്ല.

8. സ്ഥാപനത്തിന്റെ 2016-17 മുതൽ 2019-20 വരെയുള്ള റിപ്പോർട്ടുകൾ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്നും അംഗീകാരം ലഭിച്ചാലുടൻ സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്നും ശേഷിക്കുന്ന വർഷങ്ങളിലെ കുടിശിക റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതാണെന്നും കേസിന്റെ ഭാഗമായി സ്ഥാപനത്തിന്റെ എല്ലാ ഫയലുകളും സി.ബി.ഐ. യുടെയും ഇ.ഡി. യുടെയും കൈവശ-മായിരുന്നതിനാലാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാകുന്നതെന്നും കുടിശിക റിപ്പോർട്ടുകൾ രണ്ടുമാസത്തിനുള്ളിൽ ലഭ്യമാക്കുന്നതാണെന്നും ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകിയിരുന്നു.

9. ആയതിൻപ്രകാരം വകുപ്പ് ലഭ്യമാക്കിയ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 15-2-2024-ാം തീയതിയിലും 2019-20-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 11-6-2024-ാം തീയതിയിലും 2020-21, 2021-22 ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 17-9-2025-ാം തീയതിയിലും സഭയിൽ സമർപ്പിക്കുകയുണ്ടായി.

10. <u>സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ അതത് വർഷംതന്നെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇനിമുതൽ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് റിപ്പോർട്ടിന്റെ പുറംചട്ടയിൽ കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

2. <u>ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS)</u>

11. കേരള സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രേമികളുടെയും അഭിഭാഷകരുടെയും ഡെവലപ്പർമാരുടെയും അനുഭാവികളുടെയും ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനഫലമായാണ് ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ്

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS) എന്ന സ്ഥാപനം രൂപീകൃതമായത്. കേരളത്തിലെ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ കമ്മ്യൂണിറ്റിയുടെ മുന്നേറ്റം തിരിച്ചറിഞ്ഞ് കേരള സർക്കാർ 2009 -ൽ ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS) നടപ്പിലാക്കി. വിജ്ഞാനവികസനത്തിന്റെ സ്വതന്ത്രമായ ഉറവിട മാതൃകയിൽ പ്രമുഖ ഗവേഷണ സ്ഥാപനമായി മാറിയ ഈ സ്ഥാപനത്തിന്റ ദൗത്യം സ്വതന്ത്രവും ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും അത് മുന്നോട്ടുവെക്കുന്ന വിജ്ഞാന വികസനമാതൃകയും വളർത്തുക എന്നതും ഐ.ടി. മേഖലയിലെ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുക എന്നതുമാണ്.

12. സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വാർഷിക റിപ്പോർട്ടാണ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിരുന്നത്. പ്രസ്തുത റിപ്പോർട്ട് 30-11-2018-ൽ സഭയിൽ സമർപ്പിച്ചതിനുശേഷം മറ്റൊരു റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ലഭ്യമാക്കിയിരുന്നില്ല. സ്ഥാപനത്തിന്റെ 2020-21-ലെ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 25-10-2023 -ൽ ലഭ്യമായിരുന്നു.

13. 2016-17 കാലയളവിലെ വാർഷിക റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം സ്ഥാപനത്തിന്റെ 2020-21-ലെ വാർഷിക റിപ്പോർട്ടാണ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയത്. ഇതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുംകൂടി ഉൾപ്പെടുത്തിയാണ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതെന്നും എന്നാൽ പുറംചട്ടയിൽ വാർഷിക റിപ്പോർട്ട് എന്നുമാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുകയും ചെയ്തു. <u>സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ അതത് വർഷംതന്നെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും അതുവഴി റിപ്പോർട്ട് സമർപ്പണത്തിൽ തുടർച്ച കൈവരിക്കണമെന്നും ഇനിമേൽ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതുകൂടി പുറംചട്ടയിൽ കൃത്യമായി രേഖപ്പെടുത്തി സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

14. 2017-18, 2018-19, 2021-22 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കാലതാമസപത്രികസഹിതം 8-10-2024-ലും 2020-21-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 31-1-2024 -ലും സഭയിൽ സമർപ്പിച്ചു. 2017-18, 2018-19, 2021-22 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ 8-10-2024 -നും സഭയിൽ സമർപ്പിച്ചു.

3. <u>ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്-കേരള (ടെക്നോപാർക്ക്)</u>

15. 1955-ലെ Travancore Cochin Library, Scientific and Charitable Societies Registration Act പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണിത്. കേരളത്തിന്റെ ഐ.ടി. വിപ്ലവത്തിന് തിരികൊളുത്തുകയും ഇന്ത്യയുടെ വിശാലമായ സാങ്കേതിക

പരിവർത്തനത്തിനും പുരോഗതിക്കും വഴിയൊരുക്കുകയും ചെയ്ത ടെക്നോപാർക്ക് ഇന്ത്യയിലെ ആദ്യത്തെ ഐ.ടി. പാർക്കും ഗ്രീൻ ടെക്നോളജി പാർക്കും കൂടിയാണ്. അത്യാധുനിക ഐ.ടി. ഇൻഫ്രാസ്ട്രക്ചർ, സുസ്ഥിരവികസനം, ഐ.ടി. മുന്നേറ്റങ്ങൾ, ജീവനക്കാരുടെ ക്ഷേമം എന്നിവയ്ക്കായി ഉയർന്ന നിലവാരം പുലർത്തിക്കൊണ്ട് നിലനിൽക്കുന്ന ഈ പ്രീമിയർ ഹൈടെക് ഹബ്ബ് കേരളത്തിന്റെ തലസ്ഥാനനഗരമായ തിരുവനന്തപുരത്ത് 768 എക്കറിലാണ് സ്ഥിതി ചെയ്യുന്നത്.

16. സ്ഥാപനത്തിന്റെ 2022-23-ലെ വാർഷിക റിപ്പോർട്ട് 11-6-2024-ലും ഓഡിറ്റ് റിപ്പോർട്ട് 31-1-2024-ലും 2023-24-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 17-9-2025 -നും സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

17. ടെക്നോപാർക്കിന്റെ റിപ്പോർട്ടുകൾ കുടിശിക വരുത്താതെ സമയബന്ധിതമായിത്തന്നെ സമർപ്പിക്കുന്നു എന്നതിൽ സ്ഥാപനത്തെ സമിതി അഭിനന്ദിക്കുന്നതോടൊപ്പം പ്രസ്തുത രീതി തുടരണമെന്ന് സമിതി നിർദേശിക്കുന്നു.

4. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് - കേരള</u>

18. വിവരസാങ്കേതികരംഗത്തും അനുബന്ധമേഖലകളിലും ഉന്നതവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി 2000-ൽ കേരള സർക്കാർ സ്ഥാപിച്ച ഒരു സ്വയംഭരണ ബിരുദാനന്തരബിരുദ സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്- കേരള (IIITM-K). കമ്പ്യൂട്ടർ സയൻസിന്റെയും ഐ.ടി. യുടെയും നൂതനതലങ്ങളിൽ ഉന്നത അറിവ് നേടാനുള്ള വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 8 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സർക്കാർ കമ്പനിയാണ് IIITM-K.

19. സ്ഥാപനത്തിന്റെ 2007-08 മുതൽ 2010-11 വരെയുള്ള വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയിന്മേൽ സമിതി അധികവിവരം (ഓരോ വർഷത്തെ റിപ്പോർട്ടിനും ഓരോ കാലതാമസപത്രിക) ആവശ്യപ്പെട്ടുകൊണ്ട് നിരവധി കത്തുകളും അർദ്ധ ഔദ്യോഗിക കത്തുകളും അയച്ചെങ്കിലും മറുപടി ലഭ്യമാക്കാത്തതിന്റെ കാരണം വകുപ്പിനോട് സമിതി ആരാഞ്ഞിരുന്നു. ഓരോ വർഷത്തെ റിപ്പോർട്ടിനും ഓരോ കാലതാമസപത്രിക (ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/13/ധന. നമ്പർ മാതൃകയിലുള്ള) ലഭ്യമാക്കണമെന്ന വിവരം അറിയാതിരുന്നതിനാലാണ് അധികവിവരം ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതെന്ന് വകുപ്പ് അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ബോധ്യപ്പെട്ടശേഷവും എല്ലാ വർഷത്തെ റിപ്പോർട്ടിനുംകൂടെ ഒരു കാലതാമസപത്രിക ലഭ്യമാക്കിയ നടപടി സമിതിയോടുള്ള അവഹേളനമായി സമിതി കണക്കാക്കുന്നു. ആയതിനാൽ ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് കൃത്യമായ മറുപടി താമസംവിനാ ലഭ്യമാക്കുന്നതിൽ വകുപ്പ് നിതാന്തജാഗ്രത പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

20. സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക റിപ്പോർട്ട് 1-6-2021 തീയതിയിലും 2019-20, 2020-21-ലെ വാർഷിക റിപ്പോർട്ടുകൾ 28-6-2022 തീയതിയിലും സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 2021-22 മുതലുള്ള കുടിശികയായിട്ടുള്ള വാർഷിക റിപ്പോർട്ടും, ഓഡിറ്റ് റിപ്പോർട്ടും ലഭ്യമാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

21. സ്ഥാനപനത്തിന്റെ റിപ്പോർട്ടുകൾ അതത് വർഷംതന്നെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും തുടർന്ന് ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതുകൂടി പുറംചട്ടയിൽ കൃത്യമായി രേഖപ്പെടുത്തി സമർപ്പിക്കുന്നതിനും ഓരോ വർഷത്തെ റിപ്പോർട്ടിനും (ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/13/ധന. നമ്പർ മാതൃകയിലുള്ള) പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. സൈബർ പാർക്ക്, കോഴിക്കോട്

22. സംസ്ഥാനത്തെ മൂന്നാമത്തെ ഐ.ടി. പാർക്കായ കോഴിക്കോട് സൈബർ പാർക്ക് 2009 ജനുവരി 28-ന് സൊസൈറ്റീസ് ആക്റ്റ് 1860 പ്രകാരമാണ് സ്ഥാപിതമായത്. കേരളത്തിലെ മലബാർ മേഖലയിലെ ഇൻഫർമേഷൻ ടെക്നോളജി, ഇൻഫർമേഷൻ ടെക്നോളജി എനേബിൾഡ് സർവീസസ് (ഐ.ടി.ഇ.എസ്.) എന്നീ വ്യവസായങ്ങളിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി രൂപീകരിച്ചതാണ് ഇത്.

23. സ്ഥാപനത്തിന്റെ 2016-17, 2018-19, 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ 31-1-2024 -ലും 2018-19-ലെ വാർഷിക റിപ്പോർട്ട് 1-6-2021 -ലും 2020-21-ലെ വാർഷിക റിപ്പോർട്ട് 31-1-2024-ലും 2021-22-ലെ വാർഷിക റിപ്പോർട്ട് 11-6-2024-ലും 2022-23-ലെ വാർഷിക റിപ്പോർട്ട് 11-7-2024-ലും കാലതാമസ പത്രികസഹിതം സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

24. കോഴിക്കോട് സൈബർ പാർക്കിന്റെ 2016-17-ലെ വാർഷിക ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക ആവശ്യപ്പെട്ടുകൊണ്ട് 27-2-2018, 5-2-2019, 19-3-2020, 17-3-2021, 4-1-2023 എന്നി തീയതികളിൽ കത്തുകളും 14-7-2023-ൽ അർദ്ധ ഔദ്യോഗിക കത്തും അയച്ചിട്ടും ആയത് ലഭ്യമാക്കാത്തതിനാൽ എട്ട് സാമ്പത്തികവർഷം പിന്നിട്ടിട്ടും റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്നും ഇപ്രകാരം വർഷങ്ങൾ വൈകി സമർപ്പിക്കുന്നത് റിപ്പോർട്ടിന്റെ പ്രസക്തിതന്നെ നഷ്ടമാകുന്ന സാഹചര്യമുണ്ടാക്കുമെന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസം സമിതിയുടെ കൃത്യമായ പ്രവർത്തനത്തെ ബാധിക്കുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരവീഴ്ചകൾ പ്രത്യേകം ശ്രദ്ധിക്കുകയും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു. വിവരങ്ങൾ തേടുന്നതിനായി വകുപ്പിന് മൂന്ന് തവണയിൽ കൂടുതൽ കത്തുകൾ അയയ്ക്കേണ്ടതില്ലെന്നും അതിനുശേഷം തെളിവെടുക്കുന്നതാണെന്നുള്ള സമിതി തീരുമാനം യോഗത്തിൽ അറിയിച്ചു.

25. 2017-18-ലെ ഓഡിറ്റ് റിപ്പോർട്ട്, 2018-19-ലെ വാർഷിക റിപ്പോർട്ട് എന്നിവയിന്മേലുള്ള കാലതാമസപത്രികകൾ നിശ്ചിത മാതൃകയിലല്ല സമർപ്പിച്ചിരിക്കുന്നതെന്നും അതിനാൽ കാലതാമസപത്രികകളിന്മേൽ അധികവിവരം ആവശ്യപ്പെടുകയും വകുപ്പ് ലഭ്യമാക്കിയ അധികവിവരം 28-5-2024-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

26. 2016-17-ലെ വാർഷിക ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക 6-1-2024-ൽ ലഭ്യമാക്കിയതിനെത്തുടർന്ന് റിപ്പോർട്ട് 31-1-2024-ൽ സഭയിൽ സമർപ്പിച്ചു. സ്ഥാപനത്തിന്റെ 2022-23-ലെ വാർഷിക റിപ്പോർട്ട് 19-7-2024-ലും 2023-24-ലെ ഓഡിറ്റ് റിപ്പോർട്ട് 17-4-2025 -ലും സഭയിൽ സമർപ്പിച്ചു.

27. റിപ്പോർട്ടുകൾ വർഷങ്ങൾ വൈകി സമർപ്പിക്കുന്നത് റിപ്പോർട്ടിന്റെ പ്രസക്തിതന്നെ നഷ്ടമാകുന്ന സാഹചര്യമുണ്ടാക്കുമെന്നതിനാലും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസം സമിതിയുടെ കൃത്യമായ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലും റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ഇൻഫോപാർക്ക്, കൊച്ചി

28. ഐ.ടി., ഐ.ടി.ഇ.എസ്. കമ്പനികൾക്ക് കേരളത്തിൽ പ്രവർത്തിക്കാനുള്ള അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 2004-ൽ സ്ഥാപിതമായതാണ് ഇൻഫോപാർക്ക് കേരള. ഇൻഫോപാർക്ക് ഐ.ടി./ ഐ.ടി.ഇ.എസ്. കമ്പനികൾക്ക് പ്രവർത്തിക്കാൻ പ്ലഗ് ആൻഡ് പ്ലേ, ബെയർ ഷെൽ ഓഫീസ് സ്പെയ്സുകളും ഐ.ടി. ക്യാമ്പസുകൾ സ്ഥാപിക്കുന്നതിന് ദീർഘകാലപാട്ടത്തിന് ലാൻഡ് പാഴ്സലുകളും വാഗ്ദാനം ചെയ്യുന്നു. സ്വകാര്യ നിക്ഷേപകരുമായി/അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നവരുമായി സഹകരിച്ച് ഐ.ടി. കെട്ടിടങ്ങളും അനുബന്ധ അടിസ്ഥാനസൗകര്യങ്ങളും വികസിപ്പിക്കുന്നതിനായി പാർക്ക് തുടക്കം മുതൽ ഒരു കോ-ഡെവലപ്മെന്റ് മാതൃകയാണ് പിന്തുടരുന്നത്.

29. സ്ഥാപനത്തിന്റെ 2018-19, 2019-20 -ലെ ഓഡിറ്റ് റിപ്പോർട്ടുകൾ, 2021-22-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്നിവ 31-1-2024 തീയതിയിലും 2022-23-ലെ

വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 11-6-2024 തീയതിയിലും 2023-24-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 17-9-2025-ലും സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

30. 2018-19 -ലെ ഓഡിറ്റ് റിപ്പോർട്ട് 10-6-2022-ലും 2019-20-ലെ ഓഡിറ്റ് റിപ്പോർട്ട് 7-6-2021-ലും സ്ഥാപനത്തിൽനിന്ന് വകുപ്പിന് നൽകിയിരുന്നെങ്കിലും പ്രസ്തുത റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിരുന്നില്ല. വകുപ്പിൽ ലഭ്യമാകുന്ന റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ നിയമസഭയിൽ ലഭ്യമാക്കുന്നതിന് റിപ്പോർട്ടുകൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുകയാണെങ്കിൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുവാൻ സാധിക്കുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

7. കേരള സ്റ്റാർട്ടപ് മിഷൻ

31. സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM). വിവിധ സ്കീമുകളിലൂടെയും പരിശീലനപരിപാടികളിലൂടെയും സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പിന്തുണയ്ക്കുന്ന, കേരള ടെക്നോളജി സ്റ്റാർട്ടപ്പ് നയം നടപ്പാക്കുന്ന സ്ഥാപനം കൂടിയാണിത്. സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സംരംഭകത്വ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉയർന്ന നിലവാരത്തിലുള്ള സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പ് ബിസിനസുകളെ പിന്തുണയ്ക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ആവാസ വ്യവസ്ഥയും സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടാണ് 2006 -ൽ KSUM സ്ഥാപിതമായത്.

32. സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നതായി രേഖകളിൽ കാണാൻ സാധിക്കുന്നില്ലെന്നും വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കണമെന്നും ഉണ്ടെങ്കിൽ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് രേഖപ്പെടുത്തി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

33. സ്ഥാപനത്തിന്റെ 2021-22 വർഷത്തെ വാർഷിക റിപ്പോർട്ട് 31-1-2024-ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ 2022-23, 2023-24 വർഷത്തെ റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ & ടെക്നോളജി

34. ഡിജിറ്റൽ വിദ്യാഭ്യാസവും ഗവേഷണവും മുഖേന വ്യവസായമേഖലയ്ക്കും സർക്കാരുകൾക്കും സമൂഹത്തിനും പ്രയോജനപ്പെടുന്ന നൂതനവും സുസ്ഥിരവുമായ സാങ്കേതികവിദ്യ വികസിപ്പിക്കാൻ കഴിവുള്ള ഭാവിപ്രതിഭകളെ വാർത്തെടുക്കുക എന്ന

കാഴ്ചപ്പാടിലൂടെ സ്ഥാപിതമായതാണ് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി. കമ്പ്യൂട്ടിംഗ്, ഇന്റലിജൻസ്, സുസ്ഥിരത, സംരംഭകത്വം എന്നിങ്ങനെ നാല് പ്രവർത്തന വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് സാമൂഹികനന്മയ്ക്കായി ഡിജിറ്റൽ ടെക്നോളജിയെ വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് 2020-ൽ സ്ഥാപിതമായ സർവകലാശാലയുടെ അടിസ്ഥാനദൗത്യം. 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്രസാങ്കേതിക നൂതനവിദ്യ സർവകലാശാല ആക്ടിലെ സെക്ഷൻ 31 (4) പ്രകാരം യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 (ബി) പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതാണ്. കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ & ടെക്നോളജിയുടെ 2020-21-ലെ ഓഡിറ്റ് റിപ്പോർട്ടാണ് (6-12-2022-ൽ) അവസാനമായി സഭയിൽ സമർപ്പിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ 2021-22 മുതൽ 2023-24 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. റിപ്പോർട്ടുകൾ അയയ്ക്കേണ്ട ഫോർമാറ്റ്, ഏതൊക്കെ റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത് തുടങ്ങിയ കാര്യങ്ങളിൽ ഉദ്യോഗസ്ഥർക്കുള്ള അജ്ഞത പരിഹരിക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിലെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസിന്റെ സഹായത്തോടുകൂടി ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**വകുപ്പിനുള്ള പൊതുനിർദേശം**

35. വൈകി ലഭിക്കുന്ന റിപ്പോർട്ടുകൾകൊണ്ട് സാമാജികർക്ക് ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നതിനാൽ റിപ്പോർട്ടുകൾ കൃത്യനിഷ്ഠയോടുകൂടി സഭയിൽ സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ അതത് വർഷംതന്നെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തുടർന്ന് ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

37. നിശ്ചിത സമയപരിധികഴിഞ്ഞ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടിനോടൊപ്പമുള്ള കാലതാമസപത്രിക നിശ്ചിതമാതൃകയിലല്ലാത്തതോ, കാലതാമസത്തിനുള്ള വിശദീകരണം തൃപ്തികരമല്ലാത്തതോ ആണെന്ന് സമിതി നിരീക്ഷിച്ചതിന്റെ

പശ്ചാത്തലത്തിൽ കുടിശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസ പത്രിക ധനകാര്യ വകുപ്പിന്റെ 21-12-2013-ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം 1) മാതൃകയിലായിരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

38. കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽവരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (പി.എ.സി.ബി.) വകുപ്പിന്റെ സർക്കുലർ അനുബന്ധം 2 ആയി ചേർക്കുന്നു.

പി. സി. വിഷ്ണുനാഥ്,
*ചെയർപേഴ്സൺ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2025 ഒക്ടോബർ 8.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.